ശ്രീമതി കുസുമം ജോസഫ്: പലരുടെയും പരാതികൾ എനിക്കുമറിയാം കിട്ടിയിട്ടുണ്ട്.

ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട്: അതിന്റെ രേഖകൾ കിട്ടിയാൽ അന്വേഷിക്കാം.

## കടിയിറക്ക്.

*1531. [20] ശ്രീ ജോർജ്ജ് ജോസഫ്: താഴെ കാണുന്ന ചോദ്യം ഒഴിവാക്കി വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) "പീരുമേട്ടി", "ഉടുമ്പഞ്ചോല" താലൂക്കുകളിൽനിന്ന് കർഷകരെ കുടിയിറക്കുന്നതിനു ഗവണ്മെന്റ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ചന്ദ്രമേനോൻ Commission Report നടപ്പിലാക്കാതിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ കർഷകർ വളരെ പ്രയാസങ്ങൾ അനുഭവിക്കുന്നുണ്ടെന്നുള്ള വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോർജ്ജ്):

(എ) 26-4-57-നു ശേഷമുള്ള അനധികൃത പ്രവേശനങ്ങൾ തടയുന്നതിനും പ്രവേശിച്ചവരെ ഇറക്കിവിടുന്നതിനും ഗവണ്മെന്റുത്തരവു കൊടുത്തിട്ടുണ്ട്.

(ബി) ഇല്ല.

ശ്രീ. ജോർജ്ജ് ജോസഫ്: ചന്ദ്രമേനോൻ റിപ്പോർട്ട് മേശപ്പുറത്തു വയ്ക്കുന്നതിനു മടിയുണ്ടാകുമോ?

ശ്രീ. കെ. സി. ജോർജ്ജ്: അതു പബ്ലിഷ് ചെയ്യാൻ പോകുകയാണു.

## തൊഴിലാളികളുടെ ബോണസ് തർക്കം.

*1532. [21] ശ്രീ. ടി. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾ ഒഴിവാക്കി തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1957-ലെ തോട്ടം തൊഴിലാളികളുടെ ബോണസ് തർക്കം തീർത്തുമാനിക്കപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്രവീതമാണു ബോണസ് നിശ്ചയിച്ചിട്ടുള്ളതു;

(സി) ഇതിനു നിയോഗിച്ച അന്തരഞ്ജന ബോർഡിന്റെ റിപ്പോർട്ട് സർക്കാരിനു ലഭിച്ചിട്ടുണ്ടോ;

(ഡി) എന്നു ലഭിച്ചു; എന്നാണു ഈ ബോർഡ് രൂപീകരിച്ചതു;

(ഇ) 1957-ലെ ബോണസ് പ്രശ്നം എന്നാണു തൊഴിലാളികൾ ഉന്നയിച്ചതു?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസ്):

(എ) ഇല്ല.

(ബി) ഏ-യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(സി) ഇല്ല.

(ഡി) 22-1-1959.

(ഇ) 22-9-1958.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. ഒ. ബാവ : ബോർഡിന്റെ പ്രവർത്തനം ഏതുവരെ ആയി എന്നു പറയാൻ ഭയമുണ്ടാകുമോ ?

ശ്രീ ടി. വി. തോമസ് : പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയാണു്.

ശ്രീ. ടി. ഒ. ബാവ : എന്നത്തേക്കു് തീരുമാനിക്കപ്പെടണമെന്നുള്ള ഉദ്ദേശമാണുള്ളതു് ?

ശ്രീ. ടി. വി. തോമസ് : ബോർഡിന്റെ ആവശ്യപ്രകാരം കാലാവധി നീട്ടിക്കൊടുത്തിട്ടുണ്ടു്. എന്നാണു് തീരുന്നതെന്നുള്ളതു് ബോർഡിന്റെ പ്രവർത്തനത്തെ ആശ്രയിച്ചിരിക്കും.

ശ്രീ. എം. നാരായണക്കുറുപ്പു് : ഇതിന്റെ പ്രവർത്തനം ഇന്നു് ഒരു സ്തംഭനാവസ്ഥയിലാണോ ?

ശ്രീ. ടി. വി. തോമസ് : എന്തർത്ഥത്തിലാണു് അങ്ങനെ ചോദിച്ചതെന്നു മനസ്സിലാകുന്നില്ല.

ശ്രീ. എം. നാരായണക്കുറുപ്പു് : മന്ത്രി മനസ്സിലാക്കിയതനുസരിച്ചു് മറുപടി പറയാമോ ?

ശ്രീ. ടി. വി. തോമസ് : സ്തംഭനാവസ്ഥയിലല്ല.

## അടച്ചിട്ടിരിക്കുന്ന കശുവണ്ടി ഫാക്ടറികൾ.

* 1533. [22] ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ഡിസ്ട്രിക്ടിൽ അടച്ചിട്ടിരിക്കുന്ന കശുവണ്ടി ഫാക്ടറികളും തുറന്നു പ്രവർത്തിപ്പിക്കണമെന്നാവശ്യപ്പെട്ടുന്ന ഏതെങ്കിലും നിവേദനം ഈ അടുത്തകാലത്തു ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടോ ;

(ബി) കൊല്ലം ഡിസ്ട്രിക്ടിൽ എത്ര കശുവണ്ടിഫാക്ടറികളാണു് അടച്ചുപൂട്ടിക്കിടക്കുന്നതെന്നു ഗവണ്മെന്റിനറിയാമോ ;

(സി) അവകളെ തുറന്നു പ്രവർത്തിപ്പിക്കുന്നതിനു് എന്തെങ്കിലും സ്കീം ഗവണ്മെന്റിനുണ്ടോ ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. പി. ഗോപാലൻ) :

(എ) ഇല്ല.

(ബി) അറിയാം. 22 എണ്ണം.

(സി) ഒന്നോ രണ്ടോ ഫാക്ടറികളെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ചു് ഒരു പരീക്ഷണമെന്ന നിലയിൽ ഇൻഡസ്ട്രീസ് കോഓപ്പറേറ്റീവ്സ് ആയി നടത്താൻ സാധിക്കുമോയെന്നു് പരിശോധിച്ചുവരികയാണു്.

ശ്രീ. ജി. കാർത്തികേയൻ : കാഷ്യൂ ഇൻഡസ്ട്രിയലാഫീസറുടെ റിപ്പോർട്ടിൽ ഇതിനെ സംബന്ധിച്ചു് വല്ലതും നിർദ്ദേശിച്ചിട്ടുണ്ടോ ?

ശ്രീ. കെ. പി. ഗോപാലൻ : സഹകരണസംഘങ്ങൾ സ്ഥാപിക്കണമെന്നുള്ള ഒരു നിർദ്ദേശം റിപ്പോർട്ടിലുണ്ടു്.

ശ്രീ. ജി. കാർത്തികേയൻ : കോഓപ്പറേറ്റീവ്സ് എന്നു നടപ്പിലാക്കാം ?

ശ്രീ. കെ പി ഗോപാലൻ : ഇപ്പോൾതന്നെ അതു രൂപീകരിച്ചു കഴിഞ്ഞിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly